# ആലോകം

## 2019-20

little KITEs


## K P R G S G H S S KALLIASSERI





# കെ .പി .ആർ .ഗോപാലൻ


## കല്യാശ്ശേരിയിലെ പ്രമുഖ വ്യക്തികൾ



ഇ.കെ.നായനാർ



## കൗമുദി ടീച്ചർ



# കെ.പി.പി നമ്പ്യാർ



കെ .എം .രാഘവൻ നമ്പ്യാർ



## ശാരദ ടീച്ചർ



## പ്രിയമുള്ളവരേ ,

വിവര സാങ്കേതികവിദ്യയുടെ വിശാലമായ ലോകത്തിൽ ജീവിക്കുന്ന നമ്മൾ അതിന്റെ ഒരുപാട് ഗുണങ്ങൾ അനുഭവിക്കുന്നുണ്ട് . ആധുനിക തലമുറയെ പ്രതേകിച്ച് വിദ്യാർത്ഥികളെ അവർ എങ്ങനെ ആവണം എന്തായിത്തീരണം എന്ന് പോലും തീരുമാനിക്കുന്നത് വിവരസാങ്കേതിക വിദ്യയുടെ ചില പാഠങ്ങളാണ്. വിവിധ സോഫ്റ്റ്‌വെയറുകൾ ,അപ്ലിക്കേഷനുകൾ എന്നിവ ഇന്നത്തെ തലമുറയെ അവരുദ്ദേശിക്കുന്ന തരത്തിൽ തന്നെ വാർത്തെടുക്കാൻ സഹായിക്കുന്നുണ്ട്. ഇന്ന് നമ്മുടെ പൊതുവിദ്യാലയങ്ങളെല്ലാം തന്നെ ഹൈടെക് ആയി മാറിയിരുന്ന അവിടെ എത്തുന്ന വിദ്യാർത്ഥികൾക്ക് എല്ലാ തരത്തിലും കരുത്താർജിക്കുന്നതിന് അദ്ധ്യാപകർക്ക് ആത്മവിശ്വാസം പകരുന്നതിന് സമഗ്ര സോഫ്റ്റ് വെയറിന്റെ പ്രയോജനം എന്നിങ്ങനെ ഐ ടി ചെലുത്തുന്ന സ്വാധീനം വളരെ വിലമതിക്കപ്പെടേണ്ടതാണ് ലിറ്റിൽ കൈറ്റ്സ് ഈ അവസരത്തിൽ ഒരുക്കുന്ന ഈ പ്രവർത്തനത്തിന് എല്ലാ വിധ നന്മകളും ആശംസിക്കുന്നു .

സ്നേഹത്തോടെ

ജ്യോത്സന സി .വി

[ഹെഡ് മിസ്ട്രസ് കെ .പി .ആർ .ജി .എസ് .ജി .എച് .എസ് .എസ് കല്യാശ്ശേരി ]

# എന്റെ വിദ്യാലയം

- 1924 ൽ  മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഹയർ എലിമെന്ററി (യു പി ) സ്കൂളായി പ്രവർത്തിച്ചു .
- 1957 ൽ ഹൈസ്കൂളായി .
- 1988 ൽ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗവും 1997-ൽ ഹയർ സെക്കന്ററി വിഭാഗവും ആരംഭിച്ചു.
- 1927-ൽ  ഹരിജൻ കുട്ടികളെ വിദ്യാലയത്തിൽ പ്രവേശിപ്പിക്കാനായി കേരളഗാന്ധി  എന്നപേരിൽ അറിയപ്പെട്ടിരുന്ന കെ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന സമരവുമായി ബന്ധപ്പെട്ടു ഈ വിദ്യാലയം ദേശീയ ശ്രദ്ധ നേടിയിരുന്നു.
- സ്വതന്ത്ര്യസമര സേനാനിയും ധീര വിപ്ലവകാരിയും ആയിരുന്ന കെ.പി.ആർ. ഗോപാലൻ ഈ വിദ്യാലയത്തിന്റെ പി.ടി.എ പ്രസിഡന്റായി ഏറെകാലം പ്രവർത്തിച്ചു.
- കുട്ടിയായിരുന്നപ്പോൾ ഗാന്ധിജിക്ക് തന്റെ സ്വർണാഭരണങ്ങൾ ഊരി നൽകി സ്വതന്ത്ര സമര പ്രസ്ഥാനത്തിന് കരുത്ത് പകർന്ന കൗമുദി ടീച്ചർ ഈ വിദ്യാലയത്തിലെ അധ്യാപികയായിരുന്നു.

# മികവിലേക്ക് .........


K P R GOPALAN SMARAKA GOVT-HIGHER SECONDARY SCHOOL
KALLIASSERI KANNUR DIST-670562
കലക്ട്രേറ്റ് മാർച്ചും ധർണയും
2019 ജൂലായ് 20


അന്താരാഷ്ട്ര മികവിലേക്ക്....
കെ.പി.ആർ ഗോപാലൻ സ്മാരക
ഗവ:ഹയർ സെക്കന്ററി സ്കൂളിനായി നിർമ്മിച്ച
ബഹുനില കെട്ടിടങ്ങളുടെ ഉദ്ഘാടനം
വിദ്യാഭ്യാസ മന്ത്രി
പ്രൊഫ: സി.രവീന്ദ്രനാഥ്
നിർവ്വഹിക്കുന്നു

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം




ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും പദവിയിലും അവസരത്തിലും സമത്വവും സംപ്രാപ്തമാക്കുവാനും അവർക്കെല്ലാം ഇടയിൽ വ്യക്തിയുടെ അന്തസും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തികൊണ്ട് സാഹോദര്യം പുലർത്തുവാനും സഗൗരവം തീരുമാനിച്ചിരിക്കയാൽ നമ്മുടെ ഭരണഘടനാ നിർമ്മാണ സഭയിൽ ഈ 1949 നവമ്പർ 26 ആം ദിവസം ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്ക് തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു .

# 2018 - 2019 വർഷത്തെ ഫുൾ A + വിജയികൾ



## U S S വിജയികൾ






ഹർഷ പ്രദീപ്  മേഘ്ന പി .പി  നന്ദന  രുചിക

## N M M S വിജയി



ഫാത്തിമത്ത് റിദ കെ. പി

## ഷട്ടിൽ ബാഡ്മിന്റൺ Under 17 നാഷണൽ ലവൽ റണ്ണർ അപ്

## സ്റ്റേറ്റ് ലവൽ വിന്നർ



# ചില നിമിഷങ്ങളിലൂടെ ...........


SHOT ON REDMI NOTE 7
MI DUAL CAMERA


SHOT ON REDMI NOTE 7
MI DUAL CAMERA


SHOT ON REDMI NOTE 7
MI DUAL CAMERA


SCHOOL HEALTH PROGRAMME
SHOT ON REDMI NOTE 7
MI DUAL CAMERA


SHOT ON REDMI NOTE 7
MI DUAL CAMERA






SHOT ON REDMI NOTE 7
MI DUAL CAMERA

# ലഹരിക്കെതിരെ


K.P.R GOPALAN SMARAKA GOVT: VOCATIONAL HIGHER SECONDARY SCHOOL.
KALLIASSERI. KANNUR DIST 670562 PIN
M G P BUILDING- 2 CLASS ROOMS 2006-2007





# വിജയോത്സവവേദി


SHOT ON REDMI NOTE 7
MI DUAL CAMERA


SHOT ON REDMI NOTE 7
MI DUAL CAMERA


SHOT ON REDMI NOTE 7
MI DUAL CAMERA

# പ്രവേശനോത്സവം





പ്രവേശനോത്സവം 2019 - '20
'അക്കാദമിക മികവ്; വിദ്യാലയ മികവ്'


SHOT ON REDMI NOTE 7
MI DUAL CAMERA


OFFICE-HS
SHOT ON REDMI NOTE 7
MI DUAL CAMERA

# ബഷീറോർമ്മ


25
ബഷീറോർമ്മ-2019
ജൂലൈ 5
ബഷീർ പതിപ്പ്
ബഷീർ അനുസ്മരണം
"വിശ്വവിഖ്യാതമായ മൂക്ക്"
നാടകാവിഷ്കാരം
SHOT ON REDMI NOTE 7
MI DUAL CAMERA




SHOT ON REDMI NOTE 7
MI DUAL CAMERA


SHOT ON REDMI NOTE 7
MI DUAL CAMERA

# ഓണാഘോഷം.....











# മാർഗംകളി

കേരളത്തിലെ  മാർ തോമ നസ്രാണികൾ പാരമ്പര്യമായി അവതരിപ്പിച്ചു വരുന്ന  ഒരു  സംഘ നൃത്തമാണ്  മാർഗംകളി. കേരളത്തിൽ സുറിയാനി ക്രൈസ്തവ  അനുഷ്ഠാന  കലാരൂപങ്ങളിലെ പ്രധാനപ്പെട്ട ഒരു നൃത്ത രൂപമാണ് മാർഗംകളി .എ .ഡി 52 ൽ  കേരളം സന്ദർശിച്ച തോമ ശ്ലീഹായുടെ  ചരിത്രമാണ് ഈ നൃത്ത രൂപത്തിന്റെ ഇതിവൃത്തം .ഇതിനുപയോഗിക്കുന്ന ഗാനവിഭാഗത്തെ മാർഗംകളിപ്പാട്ടെന്ന്  പറയുന്നു . അടുത്ത കാലം വരെ പുരുഷന്മാർ മാത്രമാണ് മാർഗംകളി നടത്തിയിരുന്നത്  എങ്കിലും ഇന്ന് വ്യാപകമായി സ്ത്രീകളും മാർഗംകളിയിൽ പങ്കെടുത്തവരുന്നു . ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ കേരളത്തിലും തമിഴ്നാട്ടിലും  ഹിന്ദു ഉത്സവങ്ങളുടെ ഭാഗമായി പ്രധാനമായും കാണപ്പെടുന്ന തിരുവാതിരകളിയിൽ നിന്നും വന്നതാണ് മാർഗംകളി . മാർഗം എന്നത്  പാലി  ഭാഷയിലെ മഗ്ഗ  എന്നതിൽ  നിന്നുത്ഭവിച്ചതാണ് .പുതിയ ജീവിത രീതിക്ക് അതായത് ബുദ്ധമത  പരിവർത്തനം  ചെയ്യുന്നതിനെ  മാർഗം കൂടുക എന്നു പറയുന്നു .ക്രൈസ്തവരും മത  പരിവർത്തനം ചെയ്താൽ മാർഗം കൂടുക എന്നായിരുന്നു . പുരാതന  കാലത് പറഞ്ഞിരുന്നത്  പിന്നീട്  ഇത് ഏത് മതം ചേരുന്നതിനെയും സൂചിപ്പിക്കുന്ന പദമായി  മാർഗം കളിയെന്ന പേരിൽ  നടന്ന കലാരൂപം ക്രിസ്തു മാർഗ്ഗത്തെയാണ് സൂചിപ്പിക്കുന്നത് 1600 നും 1700 നും ഇടയ്ക്കുള്ള കാലത്താണ് ഈ കളിയുടെ ഉദ്ഭവം  എന്ന് കരുതുന്നു.

# കൊയ്തു പോയൊരാ ജീവിതം

നനവാർന്നൊരാ കണ്ണീർക്കണങ്ങൾ ഓർക്കുന്നു
കൊയ്തു പോയൊരാ സ്വജീവിതത്തെ
വിങ്ങിപൊട്ടുമാ നെഞ്ചകത്തിൽ കോണിൽ
മൂകയായി നിൽക്കുന്നു ജീവിതം ചാരെ
വൃദ്ധാശ്രമത്തിൻ പടിതൻ ചാരെ
കരയാതെ കരയുന്നൊരു വൃദ്ധ സ്ത്രീ
അവൾ ഓർക്കുന്നു ജീവിക്കാൻ കൊതിക്കുന്നൊരാ -
വെറുമൊരു വിത്തായിരുന്നു താൻ
മണ്ണിൽ വീഴുന്നൊരു വരെ , വീണതിൽ പിന്നെ വളർന്നു -
താൻ , ജീവിതത്തിൻ മാധുര്യത്തോടെ
പൂത്തു കായ്ച്ചു ജീവിതം ആസ്വദിച്ചു താൻ
മാറുന്നു തൻ ജീവിതം തിരിയുന്നിതാ പുതു-
ജീവിതം ,സുമംഗലിയായി താൻ തൻ കഴുത്തിൽ-
കിടക്കുന്നു പുരുഷൻ താലി
ജീവിത നൈരാശ്യങ്ങൾ ഏതുമില്ലാതെ
ഹാ... ജീവിതം എത്ര സുന്ദരം
തന്നിൽ നിന്നുണ്ടായി രണ്ടു ജന്മങ്ങൾ
ഓമനത്തുമുള്ളൊരാ കുഞ്ഞു മുഖങ്ങൾ .
ഓമനത്തമുള്ളൊരാ കുഞ്ഞുമുഖങ്ങൾ
ക്രൂരഭാവമായി മാറുമാ ദിനങ്ങൾ
കൈവിട്ട പോകുന്നു തൻ മക്കൾ
കൈവിടുന്നു തങ്ങളെ
നന്നായി വിളയും നെല്കതിരുകളെ കൊയ്തെടുത്തു
ജീവിതം ആസ്വദിക്കും അന്യരായി മാറിയവർ
തട്ടിയെടുക്കുന്നു തങ്ങൾ തൻ സമ്പത്തു
തട്ടി മാറ്റുന്നു ബന്ധങ്ങൾ
കൊയ്ത്തിൻ പിന്നിലെ വെറും വൈക്കോലുകളാക്കി-
തങ്ങളെ , വലിച്ചെറിഞ്ഞു വൃദ്ധാശ്രമത്തിൻ-
പടിക്കലേക്ക്, ചവിട്ടി പുറത്താക്കി അവർ തൻ
ജീവിതത്തിൽ, നിന്ന്
നഷ്ടപ്പെടുന്നു സമാധാനം

നഷ്ടമാകുന്നു ബന്ധങ്ങൾ
മൂന്നാം നാൾ എറിയുന്നു തൻ ഭർത്താവിൻ ചിത
ഒറ്റയാക്കി തന്നെ ഈ പാരിൽ
വിങ്ങിപൊട്ടുന്നു തന്ടെ ഈ മൂകത
കാലിടറി വീഴുന്നു ജീവിത വിധിക്ക് മുന്നിൽ
ഏകയായ് ഞാനും ഈ ആശ്രമത്തിൽ
ഏകാന്ത താരമായ് വിലപിക്കുമീ രാവിൽ
മിഴിനീർ തുള്ളിയിതാ ഇറ്റിറ്റു വീഴുന്നു
ജീവിത അനന്തതയിൽ
ഇടറി വീഴുന്നോരാ മിഴിനീർ തുള്ളികൾ ഓതുന്നു
ഇതാ... കൊയ്തു പോയൊരാ ജീവിതം

- അഫ്ര .പി

9 A



# ഞാൻ മലാല

നിസിൽ ഷറഫ് എന്ന നോവലിസ്റ്റ് എഴുതിയ പുസ്തകമാണ് " ഞാൻ മലാല " മലാലയുടെ ജീവിതം , അവളുടെ പോരാട്ടങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു . പാകിസ്ഥാനിലെ സ്വാത് താഴ്വരയുടെ നിയന്ത്രണം താലിബാൻ ഏറ്റെടുത്തപ്പോൾ അതിനെതിരെ ഒരു പെൺകുട്ടി മാത്രം ശബ്ദിച്ചു . അവളുടെ സ്കൂളിൽ പോവാനുള്ള അവകാശം താലിബാൻ കവർന്നെടുത്തപ്പോൾ വിദ്യാഭ്യാസത്തിന് താഴെ വെപ്പിക്കാൻ കഴിയുമെന്ന് വിശ്വസിച്ചു .അവളുടെ പേര് മലാല യൂസഫ് സായി . 2012 ഒക്ടോബർ 9 ന് അവൾ അതിന് വലിയ വില കൊടുക്കേണ്ടി വന്നു . സ്കൂൾ വിട്ട് വീട്ടിലേക്ക് വാനിൽ പോകവേ പോയിന്റ് ബാങ്ക് റേഞ്ചിൽ താലിബാൻ അവളുടെ നെറ്റിയിലേക്ക് നിറയൊഴിച്ചു മലാല എന്ന ശബ്ദം എന്നന്നേക്കുമായി നിലച്ചെന്ന് താലിബാനും ലോകവും കരുതി . എന്നാൽ ഓരോ ഫിനിക്സ് പക്ഷിയെ പോലെ അവൾ തിരിച്ചു വന്നു. പാകിസ്ഥാനിലെ സ്വാത് ജില്ലയിലെ മിങ്കോറ എന്ന ഗ്രാമത്തിൽ സമാദാനത്തിലുള്ള നോബൽ പുരസ്കാരം നേടുന്നത് വരെയുള്ള അത്ഭുതകരമായ യാത്രയായിരുന്നു പിന്നീട് അവളുടെ ജീവിതം . നോബൽ പുരസ്ക്കാരം ലഭിച്ചപ്പോൾ ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ നോബൽ പുരസ്കാര ജേതാവായി അവൾ തീർന്നു .

മലാലയെ കുറിച്ചും അവളുടെ ജീവിതത്തെ കുറിച്ചും കൂടുതലറിയാൻ ഈ പുസ്തകം എന്നെ സഹായിച്ചു . നിസിൽ ഷറഫ് എന്ന നോവലിസ്റ്റ് മലാലയെ വളരെ മനോഹരമായി വർണിച്ചു ഈ പുസ്തകത്തിന് കൂടുതൽ മാറ്റ് കൂട്ടുന്നു .

-രാജശ്രീ രാജീവൻ .ഇ

9A



# കഥകളി

നാട്യം ,നൃത്തം ,നൃത്യം, എന്നിവയെ ആംഗികം എന്നി അഭിനയോപാധികളിലൂടെ സമന്വയിപ്പിച്ച അവതരിപ്പിക്കുകയാണ് ഒരു വാചകത്തിൽ പറഞ്ഞാൽ കഥകളിയുടെ മർമ്മം . കഥകളിയുടെ സാഹിത്യ രൂപമാണ് ആട്ടക്കഥ .രാമനാട്ട കർത്താവായ കൊട്ടാരക്കര തമ്പുരാൻ ആണ് ആട്ടകഥ സാഹിത്യത്തിന്റെ ഉപജ്ഞാതാവായി കണക്കാക്കുന്നത് .കഥകളിക്ക് വേണ്ടി രചിക്കപ്പെട്ട കാവ്യമായ ആട്ടക്കഥയിലെ സംഭാഷണ ഭാഗങ്ങളായ പദങ്ങൾ , പാട്ടുകാർ പിന്നിൽ നിന്ന് പാടുകയും നടന്മാർ കാവ്യത്തിലെ പ്രതിപാദ്യം അരങ്ങത്തു അഭിനയത്തിലൂടെ അവതരിപ്പിക്കുകയും ചെയ്യുന്നു . നൃത്തം, നാട്യം, നൃത്യം ,ഗീതം , വാദ്യം എന്നിങ്ങനെ അഞ്ചു ഘടകങ്ങളുടെ സമ്മേളനമാണ് കഥകളി . ഇതുകൂടാതെ സാഹിത്യമൊരു പ്രധാന വിഭാഗമാണെങ്കിലും ഇത് ഗീതത്തിന്റെ ഉപ വിഭാഗമായി കണക്കാക്കുന്നു .

കളി തുടങ്ങുന്നതിന് മുൻപ് മദ്ദള കേളി , വന്ദനശ്ലോകം , തോടയം ,മേളപ്പദം തുടങ്ങിയ പ്രാരംഭ ചടങ്ങുകൾ ഉണ്ട് . പശ്ചാത്തലത്തിൽ ഭാഗവതർ ആലപിക്കുന്ന പദങ്ങൾ ഹസ്ത മുദ്രകളിലൂടെയും മുഖഭാവങ്ങളിലൂടെയും അരങ്ങത്തു നടന്മാർ അഭിനയിച്ചാണ് കഥകളിയിൽ കഥ പറയുന്നത് . കഥകളിയിലെ വേഷങ്ങളെ പ്രധാനമായും പച്ച, കത്തി , കരി ,താടി, മിനുക്ക് എന്നിങ്ങനെ അഞ്ചായി തരംതിരിച്ചിരിക്കുന്നു

പ്രധാന ആട്ടക്കഥകൾ

കാലകേയവധം

കിർമ്മീരവധം

ബകവധം ആട്ടക്കഥ

കല്യാണ സൗഗന്ധികം

കീചക വധം

ദക്ഷയാഗം

രാവണവിജയം

നളചരിതം

പൂതന മോക്ഷം

നെല്ലിയോട് വാസുദേവൻ നമ്പൂതിരി ,ഗുരു കുഞ്ചു കുറുപ്പ് , ഹരിപ്പാട് രാമകൃഷ്ണപിള്ള എന്നിവർ പ്രസിദ്ധ കഥകളി കലാകാരന്മാരാണ് .

# അമ്മ

പാലൂട്ടി എന്നെവളർത്തി 'അമ്മ
താരാട്ട് കേൾപ്പിച്ചു ഉറക്കി 'അമ്മ
പൊന്നമ്മ നൽകി ഉണർത്തി 'അമ്മ
കണ്ണിനു കണ്ണായി വളർത്തി 'അമ്മ
പേരും പ്രശസ്തിയും ഞാൻ നേടിടുമ്പോൾ
ആനന്ദത്തോടെ ചിരിക്കും 'അമ്മ..
ജീവന്റെ ജീവനാണ് എന്റെ 'അമ്മ
'അമ്മ ഇല്ലെങ്കിൽ ഞാനില്ല തന്നെ ..........

# മോഹിനിയാട്ടം

കേരളത്തിലെ തനത് ലാസ്യ നൃത്ത രൂപമാണ് മോഹിനിയാട്ടം. നാട്യ ശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന ചതുരവൃത്തികളിൽ ലാസ്യ ലാവണ്യ സമ്പന്നമായ കൈശികി വൃത്തിയിൽ ഊന്നിയ ചലനങ്ങളാണ് മോഹിനിയാട്ടത്തിന്റെ മുഖമുദ്ര. ഭാരതി, സാത്വതി,ആരഭടി എന്നിവയാണ് മറ്റ വൃത്തികൾ. രാസ രാജനായ ശൃംഗാരമാണ് മോഹിനിയാട്ടത്തിൽ കൂടുതലായി ആവിഷ്ക്കരിക്കപ്പെടുന്നത്. മലയാളത്തിലെ ഒരേയൊരു ശാസ്ത്രീയ സ്ത്രീ നൃത്ത കലയായ മോഹിനിയാട്ടം മോഹിനിയാട്ടം പുരുഷന്മാരും അവതരിപ്പിക്കുന്നുണ്ട്.

# അടവുകൾ

മോഹിനിയാട്ടത്തിൽ മൊത്തം 40 ഓളം അടവുകളുണ്ട്. തിത്ത-തിത്ത തെയ്യത്ത ,തത്ത-ധാധി , ദിതജഗജഗജാം , ജഗത്താധി -തകധിമി, ജഗ്താണം തരി ,കും തരിക, തം കിട ധിം ധ തക്കിട്ട ,തക്കിട്ട കിട തകി തിഥി തെയ്യ തലങ്ങു ധൃകുത തകഥ ധിം കിന തോം , തക്കയം താരി . ഇങ്ങനെ അടവുകളാണ് മോഹിനിയാട്ടത്തിലുള്ളത്

# അച്ഛൻ

എൻ കണ്ണീരൊപ്പും ഉവാല അച്ഛൻ
മനസ്സിന് നന്മ പകരും അഗ്നിപർവതം അച്ഛൻ
സാഹചര്യത്തിന്റെ വലയിൽ കുടുങ്ങി
ശ്വാസം മുട്ടി  കരയുന്നു

വല കഴുത്തിലൂടെ മുറുകി വലിയുമ്പോൾ
വേദന കടിച്ചമർത്തി, കരച്ചിൽ  പിടിച്ചുനിർത്തി
മക്കൾ തൻ സന്തോഷങ്ങൾക്ക് വഴി കാട്ടീടുന്നു.

# പയർ വർഗ്ഗങ്ങൾ കഴിക്കൂ
## ആരോഗ്യം സംരക്ഷിക്കൂ

"പയർ വിളകളും പരിസ്ഥിതിയും "എന്ന പ്രസിദ്ധമായ ഒരു കൊച്ചു നോവൽ എഴുതിയത് സി.ജോർജ് തോമസ് ആണ്.

മനുഷ്യശരീരത്തിൽ ആവശ്യമായ മാംസ്യത്തിന്റെ പ്രധാന സ്രോതസാസുകൾ. മനുഷ്യരാശിയുടെ ആരോഗ്യസംരക്ഷണത്തിനും സുസ്ഥിര കൃഷിയിലുള്ള സ്ഥാനവും പ്രാധാന്യവും പരിഗണിച്ച ഐക്യരാഷ്ട്രസഭ 2016 നെ അന്താരാഷ്ട്ര പയർ വർഗ വർഷമായി പ്രഖ്യാപിച്ചു. "സുസ്ഥിരമായ ഭാവിക്ക് പോഷകമേന്മയുള്ള വിത്തുകൾ" എന്നതാണ് പയര്വര്ഷത്തിന്റെ മുദ്രാവാക്യം . ഭക്ഷ്യസുരക്ഷയും പോഷണവും ലക്ഷ്യമാക്കിയുള്ള സുസ്ഥിര ഭക്ഷ്യോത്പാദനത്തിന്റെ ഭാഗമായി പയർ വർഗങ്ങളുടെ പോഷണപ്രധാന്യത്തെക്കുറിച്ച പൊതുജനാവബോധം വളർത്തുകയാണ് വര്ഷാചരണത്തിന്റെ പ്രധാന ലക്ഷ്യം  ഭക്ഷ്യോത്പാദനം ,ഭക്ഷ്യസുരക്ഷാ ,കാലാവസ്ഥാമാറ്റം എന്നിവ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്നു .കാലാവസ്ഥാമാറ്റം ഭക്ഷ്യോത്പാദനത്തെ കുത്തനെ കുറയ്ക്കും .പയർ വര്ഗങ്ങള് കുറിച്ച് സമഗ്രമായി പ്രതിപാദിക്കുന്നതും ഭക്ഷ്യസുരക്ഷയ്ക്കും ജൈവവൈവിധ്യ സംരക്ഷണത്തിനും അനുകൂലമായ കാലാവസ്ഥ മാറ്റത്തിനെതിരെയും ബോധവൽക്കരണം ചെയ്യുന്ന പല കൃതികളും ഇന്ന് ലഭ്യമാണ്.

- ശാരിക

9A



# അത്ഭുതലോകത്ത് ആലീസിന്റെ അനുഭവങ്ങൾ

-ലൂയിസ് കരോൾ

ലൂയിസ് കരോളിന്റെ അത്ഭുതലോകത് ആലീസിന്റെ അനുഭവങ്ങൾ എന്ന പുസ്തകം വളരെ ആസ്വാദകരമാണ്. ലൂയിസ് കരോൾ എന്ന ത്തൂലികാനാമത്തിൽ അറിയപ്പെടുന്ന ഈ സാഹിത്യകാരന്റെ യഥാർത്ഥ നാമം ചാൾസ് ഡോഡ്ജ്സോൺ എന്നാണ്.

ആലീസ് എന്ന ചെറിയ കുട്ടിയാണ് ഈ കഥയിലെ പ്രധാന കഥാപാത്രം. ഈ കുട്ടിയുടെ സ്വപ്നസഞ്ചാരമാണ് കഥയ്ക്ക് വഴിത്തിരിവാകുന്നത്. വിചിത്രലോകത്തെത്തുന്ന ആലീസ് വിസ്മയലോകകരമായ അനുഭവങ്ങളിലൂടെ കടന്നു പോകുന്നതായി സ്വപ്നം കാണുന്നതാണ് ഈ കഥയുടെ ഇതിവൃത്തം.

ഇതിൽ കണ്ണീർത്തടാകം എന്ന ഭാഗം വളരെ രസകരമാണ്. ഒരു പ്രത്യേക ദ്രവകം കുടിക്കുമ്പോൾ ആലീസ് ചെറുതാവുകയും തന്റെ തന്നെ കണ്ണീരിൽ സ്വയം മുങ്ങിത്താഴുകയും കൂടാതെ അപ്രതീക്ഷിതവും വ്യത്യസ്തവുമായ ഒരുപാടു രസകരമായ അനുഭവങ്ങളും ഈ കഥയിൽ പ്രതിപാദിക്കുന്നുണ്ട് . ഒരു വിചിത്ര ലോകത്തെത്തുന്ന ആലീസ് എന്ന കുട്ടി അത്യന്ത വിസ്മയകരമായ അനുഭവങ്ങളിലൂടെ കടന്നുപോകുന്നതായി സ്വപ്നം കാണുന്നതാണ് കഥാതന്തു. അവൾ കണ്ടുമുട്ടുന്ന പൂന്തോട്ടങ്ങളും പുഴകളും എല്ലാം

അവളോട് സംസാരിക്കുന്നു എന്നിങ്ങനെ വിചിത്രമായ അനുഭവങ്ങളാണ് അവൾക്കുണ്ടാകുന്നത്. ഒടുവിൽ പെട്ടന്നവൾ ഉറക്കത്തിൽ നിന്നും ഞെട്ടി ഉണരുന്നു. അതോടെ കഥ അവസാനിച്ചു.

യുക്തിയും അസംബന്ധവും കോർത്തിണക്കിയുള്ള ഇ കുസൃതിയുടെ ആഖ്യാനരീതി മുതിർന്ന ആളുകളെ പോലും ആകർഷിക്കാൻ പര്യാപ്തമാണ്. വിക്ടോറിയൻ കാലഘട്ടത്തിലെ വിദ്യാഭ്യാസ രാഷ്ട്രീയ സാഹിത്യ രംഗങ്ങളിലെ ഹാസ്യാത്മക ചിത്രീകരണം ഇവിടെ കാണാം.ആലീസ് അത്ഭുതലോകത്തെ കണ്ടുമുട്ടുന്ന മനുഷ്യരും ജന്തുക്കളുമെല്ലാം സാധാരണ ലോകത് ജീവിക്കുന്നവരുടെ രൂപഭേദങ്ങളാണ്.

ലോക സാഹിത്യ രംഗത്തു പ്രത്യേകിച്ചും ബാലസാഹിത്യ രംഗത്തു ആലീസിന്റെ അനുഭവങ്ങൾ എന്ന കൃതി കുട്ടികൾ നെഞ്ചിലേറ്റി നടക്കുന്ന ഒരു ക്ലാസിക്കായി തീരുന്നു.

- ശ്രീദേവി .പി

9A



# ആൽകെമിസ്റ്റ്

-പൗലോ കൊയ്‌ലോ

പ്രശസ്ത ബ്രസീലിയൻ സാഹിത്യകാരനായ പൗലോ കൊയ്‌ലോയുടെ ലോക പ്രശസ്തമായ പുസ്തകമാണ് ആൽകെമിസ്റ്റ് .ഐഹികജീവിതത്തിനു ദൈവികമായ സൗരഭ്യം നൽകുന്ന വഴിയാണ് പൗലോയുടേത് . തീവ്രമായി ആഗ്രഹിക്കുന്ന കാര്യത്തിനായി ഇറങ്ങി പുറപ്പെട്ടാൽ ഈ പ്രപഞ്ചം പോലും സ്വപ്ന സാക്ഷാത്കാരത്തിനായി നിങ്ങളോടൊപ്പം ഉണ്ടാവും എന്ന് ഈ നോവലിൽ പ്രതിപാദിക്കുന്നു

ആട്ടിൻ പറ്റങ്ങളെമേച്ചു നടക്കുമ്പോൾ സാന്റിയാഗോ എന്ന ഇടയബാലന്റെ കൈപിടിച്ച ഒരു കുട്ടി അവനെ ഈജിപ്തിലേക്ക് കൂട്ടികൊണ്ടു പോവുകയും പിരമിഡുകളുടെ സമീപമുള്ള നിധി കാട്ടി കൊടുക്കുകയും ചെയ്യുന്നു സാന്റിയാഗോയ്ക്കുണ്ടാകുന്ന ഈ സ്വപ്ന ദർശനത്തിന്റെ പേരിൽ അവൻ യാതയാകുന്ന ആല്കെമിസ്റ് ആ യാത്രയുടെ കഥയാണ് .

സാന്റിയാഗോ ആദ്യം ആ സ്വപ്നം കാണുകയും തന്റെ വീട്ടിൽ നിന്നും പിന്നീട് ആടുകളെ മേച്ചു നടക്കുമ്പോൾ വിശ്രമിക്കാനായി കിടന്നിരുന്ന ഒരു പഴയ പള്ളിയരികിൽ നിന്നുമാണ് . ഇവിടെ വച്ചാണ് സാന്റിയാഗോ തന്റെ സ്വപ്നത്തിന്റെ പൊരുൾ റെഡി യാത്രയാകുന്നത് . പിന്നീടഅവനൊരു ജിപ്സി തള്ളയുടെയും ഒരു രാജാവിന്റെയും കൂടെ സംസാരിച്ചു .അവർ പറഞ്ഞതനുസരിച്ചു അവൻ ഈജിപ്തിലേക്ക് യാത്രയായി . യാത്രയ്ക്കിടയിൽ കണ്ടുമുട്ടുന്ന വ്യത്യസ്തരായ വ്യക്തികളിൽ നിന്നും ലഭിക്കുന്ന അറിവുകളും അനുഭവങ്ങളും സാന്റിയാഗോയ്ക്ക് പുതിയ ജീവിതവീക്ഷണങ്ങളും കാഴ്ചപ്പാടുകളും സമ്മാനിക്കുന്നു. ഒരു വ്യക്തിയിൽ ഉണ്ടാകുന്ന മാനസിക പരിവര്ത്തനങ്ങളെ ക്രമാനുഗതമായി അവതരിപ്പിക്കുന്നതിന് സാന്റിയാഗോ എന്ന കഥാപാത്രത്തെ പൗലോ കൊയ്‌ലോ സമർത്ഥമായി ഉപയോഗിക്കുന്നു . സാന്റിയാഗോ കണ്ടുമുട്ടി പരിചയപ്പെട്ട വൃദ്ധനായ രാജാവും ഭാഗ്യാന്വേഷിയായ ഇംഗ്ലീഷുകാരനും അറബി പെൺകുട്ടിയും ആല്കെമിസ്റ്റുമൊക്കെ പങ്കു വെച്ച ജീവിത യാഥാർത്യങ്ങളാണ് വായനക്കാരെ പ്രചോദിതരാക്കുന്നത്

ഈ കഥയുടെ അവസാനം സാന്റിയാഗോ പിരമിഡുകൾ കുഴിച്ച നിധി അന്വേഷിക്കുന്ന സമയത്തു കുറച്ചുപേര് വന്നു

പണത്തിനാവശ്യപ്പെട്ടു അവരോട് അവൻ തന്റെ സ്വപ്നത്തെ പറ്റി പറഞ്ഞു . അതിൽ ഒരാൾ അവനോട് അയാൾ കണ്ട സ്വപ്നത്തെ പറ്റി വിവരിച്ചു . അയാൾ കണ്ട സ്വപ്നത്തിലെ നിധി ആ പഴയ പള്ളിക്കരികിലാണ് . പക്ഷെ അയാൾ ആ നിധി തേടി  പോയിരുന്നുള്ള . അപ്പോൾ സാന്റിയാഗോയ്ക്ക് തന്റെ നിധി എവിടെയാണെന്ന് മനസ്സിലാവുകയും അവിടെ ചെന്ന് എടുക്കുകയും ചെയ്യുന്നു ...............

-ഫാത്തിമത്തുൽ ഫിസ .ടി .എം

# കെട്ടിപ്പടുത്തുമ്പോൾ തകരുകയാണ്

അമ്മയുടെ മാറോട് ചേർന്ന് മഴയുടെ ആർത്തലച്ചുള്ള ശബ്ദം കേട്ട് വിറച്ചു കിടക്കുകയാണ് ഗോകുൽ . അവന് നല്ല പനിയാണ്. പത്തോളം മുറികളുള്ള ആ വലിയ വീട്ടിൽ ഇന്ന് അവനും അമ്മയും തനിച്ചാണ് . ഗോകുലിന്റെ അ്ച്ഛൻ ജോലിതിരക്കിലേർപ്പെട്ട് ഡൽഹിയിലാണ് .ഒരു വലിയ പൂന്തോട്ടവും ധാരാളം മുറികളും രണ്ടു മൂന്നു കാറുകളും ഉള്ള അവന്റെ വീടിനുചുറ്റും കൂറ്റൻ മതിലുകളാണ് അതിനുള്ളിൽ ജയിലറകളിൽ പെട്ട് തടവ് പുള്ളികളെ പോലെയാണ് അവൻ കഴിയുന്നത് തികച്ചും ആഢംബരപൂർണമായ ജീവിതം . അവന്റെ വീടിന്റെ തെക്കെമതിലിനു പുറത്തുള്ള ഒരു കൊച്ചു വീടിലാണ് ദീപുവും അവന്റെ കുടുംബവും കഴിയുന്നത് . കൽപ്പണിക്കാരനായ ഗോപുവിന്റെ അച്ഛന് പലപ്പോഴും കൂലിപോലും കിട്ടാറില്ല . മിക്ക ദിവസത്തിലും അവർ പട്ടിയാണ് എന്നാൽ അതൊന്നും ആരും കാണിറില്ല .തങ്ങളുടെ വീട്ടിനടുത്ത് അപമാനമായി ജീവിക്കുന്ന നികൃഷ്ട്ജീവികളെപോലെയാണ്ഗോകുലിന്റെ അച്ഛനും അമ്മയും അവരെ കാണുന്നത് . അതിനാൽ പല അവസരത്തിലും ഗോകുലിന്റെ അച്ഛൻ അവരെ മാറ്റാൻ നോക്കി . ദീപുവിനെയും അവന്റെ കുടുംബത്തെയും കാണുന്നതുതന്നെ അവർക്ക് അറപ്പും വെറുപ്പും ആണ് . ഒരു ദിവസം റോഡിലൂടെ നടന്നു പോവുകയായിരുന്ന ദീപുവിന്റെ അച്ഛനെ കാറിടിച്ച് വീഴ്ത്താനും ഗോകുലിന്റെ അച്ഛന് മടി ഉണ്ടായിരുന്നില്ല. കാര്യമായൊന്നും പറ്റിയില്ല എന്നാലും അവരുടെ സാമ്പത്തിക സ്ഥിതി കൂടുതൽ മോശമാകാൻ അത് വഴിയൊരുക്കി . എന്നാൽ ഗോകുലിന്റെ കുടുംബത്തെ യാതൊരു വിധേനയും ഉപദ്രവിക്കാൻ ആ ദരിദ്ര കുടുംബം തയ്യാറായില്ല

അങ്ങനെയാണ് ഒരുവർഷകാലത്ത് ആർത്തലച്ച് പെയ്യുന്ന മഴയും ഭൂമിയെ പ്രകംമ്പനംകൊള്ളിക്കുന്ന മഴയുമുള്ള രാത്രി , ഗോകുൽ പനിച്ചു വിറയ്ക്കാൻ തുടങ്ങിയത് രാത്രിയോടെയായിരുന്നു. അന്ന് അവരുടെ വീട്ടിൽ ജോലിക്കാർ പോലും ഉണ്ടായിരുന്നില്ല . ചുട്ടുപൊള്ളുന്ന അവന്റെശരീരത്തോട് ചേർന്നുകിടന്നപ്പോൾ തീനാളങ്ങൾ ഉയരുന്നതുപോലെ അവന്റെ അമ്മയ്ക്ക് തോന്നി ആ തീനാളം തന്റെ മകനെ ചുട്ടെരിക്കുമോയെന്നവർഭയന്നു . മതിൽകെട്ടിനകം വെള്ളം

നിറന്ഞ്ഞു . എല്ലാം അതിൽമുങ്ങിതാഴുമോ ?അവർ ഉറക്കെ നിലവിളിച്ചു . ആഢംബരങ്ങളില്ലാതെ അഹങ്കാരമില്ലാതെ നിസ്സഹായമായ ആ വിളി മഴയുടെ ശക്തിയെ തുളച്ച് അപ്പുറത്തെ ചെറ്റകുടിലിൽ വന്ന്പതിച്ചു . ആ നിലവിളി മതിലുകളെ തകർത്തു. മാതൃത്വത്തിന്റെ പരിപാവനമായ ആ വിളി ദീപു കേട്ടു . പിന്നെയുംനിലവിളികൾ ഉയർന്നു . അവൻപകച്ചുപുറത്തെത്തിയപ്പോൾ തങ്ങളെവിഴുങ്ങാനെത്തിയ ഭീകരസർപ്പത്തെപ്പോലെ വീടിനുചുറ്റുംവെള്ളം ഉടൻ തന്നെതൊട്ടടുത്തവീടുകളില്പോയിആളുകളെവിളിച്ചുകൂട്ടി .ഒരുനിമിഷംവൈകിയായിരുന്നെകിൽ ജീവൻതിരിച്ചുകിട്ടില്ലായിരുന്നെന്ന്ഡോക്ടർ അമ്മയോടായിപറഞ്ഞു. അവർസ്നേഹത്തോടെ ദീപുവിനെനോക്കി , അവനെചേർത്തുപിടിച്ചു . താൻ ഇപ്പോൾ ഒരു നികൃഷ്ട്ട ജീവിയല്ലെ അവൻസ്വയംചിന്തിച്ചു . മഴതോർന്ന് വെള്ളമിറങ്ങിയപ്പോൾ ഗോകുലിനെവീട്ടിലേക്ക്കൊണ്ടുവന്നു . വീട്ടിലെത്തിയ ഉടൻ ആമതിലുകൾ പൊളിച്ചുനീക്കാൻ അവൻ അമ്മയോട് ആവശ്യപ്പെട്ടു. ബന്ധങ്ങളെ തടഞ്ഞുനിർത്തുന്ന സ്നേഹബന്ധങ്ങളെ കടത്തിവിടാത്ത മതിലുകൾ തകർന്നുവീഴുകയാണ് . മതിലിന്റെ കല്ലുകൾപൊടിഞ്ഞുവീഴുകയാണ് . അഹങ്കാരത്തിന്റെയും സ്വാർത്ഥതയുടെയും കല്ലുകൾകൊണ്ട് കെട്ടിപ്പടുത്തവ , ഗോകുൽ ദീപുവിന്റെ കൈപിടിച്ച് അവമെയും കൂട്ടി വീട്ടിലേക്ക് കയറി.അവിടെ മതിലുകൾ തകരുമ്പോൾ പുതിയൊരു സ്നേഹബന്ധം കെട്ടിപ്പടുത്തുകയാണ്.

# DESERTED MOTHER

**O**nce a holy priest , rode through his country
He saw beautiful places and rode
In the street he saw a mother
Who was tiered and could not further
The holy priest dismounted from his horse
And asked the mother the reason for her sorrow
The mother said that she was deserted by her seeds
And the reason was for no need .
The priest at that  moment granted the mother wish
And asked her what she want
The mother replied she wanted her her children to be safe
At that reply the priest was shocked ,and
asked the mother the question why.
She replied that this is the cause that I am their mother .
The priest at the moment bowed down to mother’s feet’s
and she is the mother every one needs .

# CHANDRAYAN 2

## A GIANT LEAP OF INDIAN SPACE SCIENCE

**C**andrayaan 2 , the biggest dream of Indian space mission. Chandrayan 2 ,...the mission which got huge prayers from India ...... Chandrayaan 2 , a giant leap of Indian space history ....Chandrayaan 2 proud of India .....

Though chandrayan was failure it made as proud . When it reached moon it loosed its signal .And there dead the dream of Indians . G S L V was the rocket used for the mission . Vikram was lander .If the chandrayaan 2 was successful there will be a reward in world space mission . The success of chandrayaan 1 leads the way to the dream of chandrayaan 2 . It launched in augest and reached at the moon on september

The day when chandrayaan failed our respected PM Sri Narendra modi cried. It shows his emotions towards the missions.Not only the P M the whole India cried . Member of
I S R O ............ their dream was almost dead

But Chandrayaan provoided as much information about space and moon. chandrayaans aim was to gather information. click pictures about the surface of moon where no one entered . Though it was not done properly but was much help full for us. It was the biggest mission of India ever planed but unfortunately the missions was not full filled.

But as an Indian we should feel proud for this.we know India is a developing country for a country like India it was impossible for dream a mission like the chandrayaan 2 of a lot of expense , of great effort ....... But we did it. W e dreamed it, and if we can dream it we can do it . The hard work of some great peoples including respected PM Modiji , the model of chandrayan 2 was made. But somewhere something missed which destroyed every thing . As the dreamwas much bigger our effort is also should be the biggest

We should pray to god that the next time whenever the chandrayan 2 was re planned it will be a world reward. It will make us proud . It will be the biggest contribution from India for the world space science. Try but don’t cry. May be the chandrayan 2 will be the proudest thing an Indian ever thought .

# THE UNDECORATED CHRISTMAS TREE

**W**hen the dock struck twelve , I woke up. It was foggy mist . I open the window and was not able to see anything , covered with fog .I looked at my Christmas tree. But unable to see , because of the covering of fog . I went down stirs and open the door .it was so cold. It sa not able to keep my leg out side. I went to m room and put on my winter clothes . I opened the door next to my room. my younger brother Shawn was sleeping. He had great desire in his heart . He wanted to celebrated Christmas. But not cutting cakes and others. He wanted a Christmas tree. And he did not tell his desire to me. But i found it by my self , because i am his only sister.

I went outside and walked through the tree which I decorated at 10' clock to eleven. Now there is my tree I ran towards it , but the decoration disappeared. It was heart broken. Somebody has almost stolen my decorations. What should i do now ? I don't know anything. It was a surprise gift for my brother I think I should seek help from Mr. Schemith , my uncle. He will find a solution. I ran towards him and tried wake him out from his deep sleeping. He woke with a rudder fear and asked what the matter was. I told everything what had happened. He put on his winter clothes and we together went to down stairs without making any voice. We went towards the tree. He too was shocked to see the tree. He told "yes I saw, my god, it's him, the ugly boy Peter". I did not understand anything what he was saying. He said that he saw Peter taking all the decoration items in the Christmas tree, but he thought it was the decorations of peter. I was shocked to hear about it. Because Peter was a good boy in front of the people in this area. Mr . Scenith was told that the boy had stolen some ornaments from Mrs. Evan's home. It was true. I too hear about it.

Mr. Schenith said that it was the best time to show the thief in front of the colony. He took some boxes and said loudly in front of Peter’s home“Hei Joanne, do you know that these are treasures which my grand mother gave for me”. At this time Peter woke up from his sleep and went out to take the boxes where Mr. Schenith dig near his house. At this time Joanne called all his neighbours and by the time they got Peter. Every body was shocked to see the Peter as the thief.they called the police and handed peter over him. By this time took the decoration items and decorate my beautiful Christmas tree. I and Mr . Schenith went to upstairs and called my brother to see his surprise gift. He was amazed. I told the whole incident to Shawn. He was shocked and congratulated Mr. Schenith. He said it was his duty. He hugged me .

# DESERTED MOTHER

There lived a mother once,
who cared for her sons.
when she got and frail
her sons egnored her walls

Her sons' fed up with her complain,
dropped her off in an orphanage.
There she was left all alone in plain,
this was declaring her old age.

When she needed their most care,
they left her in most despair.
Her heart couldn't take it,
so she didn't make it.

Only after she left them did they realize,
that it was their worst mistake.
They realized their hate was just some lies
and they drowned in a despair lake.

At that moment, came to their mind,
that their mother was always kind.
They had done the greatest sin,
they abandoned their own kin

Even in death a mother wishes,
"Oh God keep my children safe."
After that she vanishes,
saying thank you for keeping them safe.

# Chandrayan 2- A gaint leap

chandrayan 2 is a machine send by our scientist to space to understand the present feautureof space. Its starting and ending were big talk between we people. While we read some incriptions and news report itself we can understand how much important talk it is. Its arrival was a big news in our medical and channels. This chandrayan 2 travels all through the space and collect the information which happens there. Its the second version. Before there landed chandrayan -1 for the same purpose. It is some years back. It is all take care about our ideal scientists and through their ideas it was planned. When we talk about space we first think about Kalpana chaula she was the first female who travel to space.The construction of chandrayan 2 was handled by our famous scientists and our government supported the scientist very well and do facilitations for them. This is a magic topic “Chandayan 2”. When we talk talk about space we can’t forget it. Yes, as we say “chandrayan 2-A gaint leap”.



- നിസ്ന ദാസ്

9B





-നിസ്ന ദാസ്

9B



- ശ്രീദേവി .പി

9A






-രുചിക .എം

9B

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : ശ്രീദേവി .പി



സബ് എഡിറ്റർ : നാദിറ എം .സി .കെ



അസ്സോസിയേറ്റ് എഡിറ്റർസ് :

അനന്യ പി .വി



സയന .പി



അഫ്ര .പി



ഫോട്ടോസ് : നിരഞ്ജൻ പ്രദീപ്



കവർ പേജ് : രുചിക . എം



## കടപ്പാട്

ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ നിർമ്മിച്ച " ആലോകം " എന്ന ഡിജിറ്റൽ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളുടെ കൂടെ പ്രവർത്തിച്ച ലസീന ടീച്ചർക്കും ഷെമിത് മാഷിനും സജിഷ ടീച്ചർക്കും സ്നേഹത്തോടെ നന്ദിയർപ്പിക്കുന്നു

എന്ന്

എഡിറ്റർ

നന്ദിയോടെ ,



ഷെമിത്ത് .കെ



ലസീന എം.പി